കേരള സർക്കാർ

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

www.ksad.kerala.gov.in

# എഴുമറ്റൂർ ഗ്രാമപ്പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട് - 2018-19


**കേരളാ സംസ്ഥാന ഓഡിറ്റ് വകുപ്പ്, പത്തനംതിട്ട ജില്ല**

e-mail:lfadpta@gmail.com


(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ടു സഹിതം)

**ഭരണഭാഷ-മാതൃഭാഷ**


കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പത്തനംതിട്ട – 689 645
ഫോൺ: 0468 2223691
ഇ-മെയിൽ lfadpta@gmail.com


കെ.എസ്.എ.പിറ്റിഎ.പി8/4/2020

തീയതി: 03.02.2020

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖാന്തിരം),
എഴുമറ്റൂർ ഗ്രാമപ്പഞ്ചായത്ത്.

സർ,

വിഷയം: എഴുമറ്റൂർ ഗ്രാമപ്പഞ്ചായത്ത് – 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് പുറപ്പെടുവിക്കുന്നത് സംബന്ധിച്ച്.

1994ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം എഴുമറ്റൂർ ഗ്രാമപ്പഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ വരവു ചെലവു കണക്കുകളുടെ പരിശോധനാ ഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1, 3 എന്നിവയിലെ ഖണ്ഡികകളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം ഗ്രാമ പഞ്ചായത്ത് പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ് – പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും – ചട്ടങ്ങൾ 14, 15).

ഈ റിപ്പോർട്ട് കൈപ്പറ്റി രണ്ട് മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1), ചട്ടം 20, 23, 1997ലെ കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും – ചട്ടം 21(1),(2) എന്നിവ കാണുക)

വിശ്വസ്തതയോടെ,

(ഒപ്പ്)

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
പത്തനംതിട്ട

പകർപ്പ്:

1. കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
2. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പത്തനംതിട്ട
3. കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.പി.റ്റി.എ-പി8/4/2020 തീയതി: 03.02.2020

## പത്തനംതിട്ട ജില്ലയിലെ എഴുമറ്റൂർ ഗ്രാമപ്പഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

**(1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമം - വകുപ്പ് 215(4), 1994-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)**

പത്തനംതിട്ട ജില്ലയിലെ എഴുമറ്റൂർ ഗ്രാമപ്പഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. ഗ്രാമപ്പഞ്ചായത്ത് 1.09.2018 മുതൽ 16.12.2019 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ ഗ്രാമപ്പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 16 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 12 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്.

ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണകുറിപ്പുകളിന്മേലുള്ള തുടർനടപടികൾ ഗ്രാമപ്പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാക്കാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്വവുമുണ്ടായിരിക്കുന്നതല്ല.

എ) <u>ഓഡിറ്റ് നടത്തിയതിന്റെ വിവരം</u>

| | |
|---|---|
| ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേരും ഉദ്യോഗപ്പേരും | പി.കെ. വിജയലക്ഷ്മി<br>ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 16.12.2019 മുതൽ 30.12.2019 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേരുവിവരം | ശ്രീമതി സ്നിഗ്ധ എസ്., ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ)<br>ശ്രീ. അരുൺകുമാർ എസ്., സീനിയർ ഗ്രേഡ് ഓഡിറ്റർ<br>ശ്രീമതി ആശ എം.കുരുവിള, ഓഡിറ്റർ |

ബി)<u>നിർവ്വഹണാധികാരികൾ</u>

| ഉദ്യോഗപേര് | പേര് | കാലയളവ് |
|---|---|---|
| പ്രസിഡന്റ് | ശ്രീ. ജയൻ പുളിക്കൽ | 01.04.2018 മുതൽ 31.03.2019 വരെ |
| സെക്രട്ടറി | ശ്രീ. രാജഗോപാൽ എസ്. | 01.04.2018 മുതൽ 01.06.2018 വരെ |
| | ശ്രീ. അനിൽകുമാർ എൻ. (അസിസ്റ്റന്റ് സെക്രട്ടറി) സെക്രട്ടറിയുടെ അധിക ചുമതല | 02.06.2018 മുതൽ 08.08.2018 വരെ |
| | ശ്രീ. ഷാജി എ. തമ്പി | 09.08.2018 മുതൽ 31.03.2019 വരെ |
| **മറ്റ് നിർവ്വഹണ ഉദ്യോഗസ്ഥർ** | | |
| അസിസ്റ്റന്റ് എൻജിനീയർ | ശ്രീമതി ജോൺസി ജോർജ്ജ് | 01.04.2018 മുതൽ |

| | | |
|---|---|---|
| | | 10.11.2018 വരെ |
| | ശ്രീ. നന്ദകുമാർ ആർ. | 11.11.2018 മുതൽ 31.03.19 വരെ |
| കൃഷി ഓഫീസർ | ശ്രീമതി ജയശ്രീ ഭാസ്കർ | 01.04.2018 മുതൽ 17.09.2018 വരെ (അധിക ചുമതല) |
| | ശ്രീ. മാത്യൂ എബ്രഹാം | 18.09.2018 മുതൽ 31.03.2019 വരെ |
| വെറ്ററിനറി സർജൻ | ശ്രീമതി വിനി ആൻ വർഗ്ഗീസ് | 01.04.2018 മുതൽ 31.03.2019 വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീമതി എം.കെ. സുമതി | 01.01.2018 മുതൽ 01.05.2018 വരെ |
| | ശ്രീ. അനിൽകുമാർ എൻ. | 27.06.2018 മുതൽ 31.03.2019 വരെ<br><br>(02.05.2018 മുതൽ 26.06.2018 വരെ ഒഴിഞ്ഞു കിടക്കുന്നു.) |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രീമതി അലീമ | 01.04.2018 മുതൽ 26.05.2018 വരെ |
| | ശ്രീമതി സബിതാ വി.എഫ്. (സി.ഡി.പി.ഓ. കോയിപ്രം) | 27.05.18മുതൽ 30.06.2018വരെ (അധിക ചുമതല) |
| | ശ്രീമതി റഫിയാ പി.എ. | 01.07.2018 മുതൽ 31.03.2019 വരെ |
| ലേഡി വി.ഇ.ഒ | ശ്രീമതി നിഷാദാ ബീവി | 01.04.2018 മുതൽ 31.03.2019 വരെ |
| വി.ഇ.ഒ | ആഷിക് കോയാ തങ്ങൾ | 01.04.2018 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ(പി.എച്ച്.സി) | ഡോ. മായാ രാജഗോപാൽ | 01.04.2018 മുതൽ 30.11.2018 F.N.വരെ |
| | ഡോ. ജിതിൻ തോമസ് ജോൺ | 30.11.2018A.N. മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ(ആയുർവേദം) | ഡോ. നന്ദാദേവി എൽ. | 01.04.18 മുതൽ 31.3.2019 വരെ |
| പ്രധാന അദ്ധ്യാപിക, ഗവ.എൽ.പി.എസ്. തെള്ളിയൂർ | സിന്ധു എലിസബത്ത് ബാബു | 01.04.2018 മുതൽ 31.03.2019 വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീമതി ഷീബാ എൻ. | 01.04.2018 മുതൽ |

| | | |
|---|---|---|
| | | 01.11.2018 വരെ |
| | ശ്രീമതി അജിതാദേവി<br>ഡയറി എക്സ്റ്റൻഷൻ ഓഫീസർക്ക് - അധിക ചുമതല | 02.11.2018 മുതൽ<br>06.12.2018 വരെ |
| | ശ്രീമതി വിദ്യാ എസ്. | 07.12.2018 മുതൽ<br>31.03.2019 |

<u>ഉള്ളടക്കം</u>


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| | **ഓഡിറ്റ് റിപ്പോർട്ട്** | |
| 1 | ബജറ്റ് | 1-1 |
| 2 | വാർഷികധനകാര്യപത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 7 | ക്ഷേമ പദ്ധതികൾ | 1-7 |
| 8 | ക്യാഷ് പരിശോധന | 1-8 |
| 9 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 11 | വാർഷികകണക്കുകളിലെ അപാകതകൾ | 1-11 |
| 12 | പ്രോജക്ട് നിർവ്വഹണത്തിൽ വീഴ്ച- 23 ലക്ഷം രൂപ പ്രയോജനരഹിതമായി | 1-12 |
| 13 | മൊബൈൽ ടവറുകളുടെ വസ്തുനികുതി ഈടാക്കാൻ അവശേഷിക്കുന്നു | 1-13 |
| 14 | ലൈസൻസ് നൽകിയതിലെ അപാകതകൾ | 1-14 |
| 15 | റേഷൻ റീട്ടെയിൽ ഡിപ്പോകൾ,ക്ഷീരസഹകരണ സംഘങ്ങൾ എന്നിവ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു. | 1-15 |
| 16 | ടെണ്ടർ ഫീസ് നാളിതുവരെ തിരികെ ഈടാക്കിയിട്ടില്ല | 1-16 |
| 17 | ഓൺലൈൻ വസ്തു നികുതി- പഞ്ചായത്തിന് തുക ലഭ്യമാകുന്നതിന് കാലതാമസം | 1-17 |
| 18 | ബാരൽ വില ഈടാക്കിയില്ല | 1-18 |
| 19 | ഫൈനൽ തുകയിൽ നിന്നും ടെണ്ടർ കുറവു വരുത്തിയില്ല. 71930/- രൂപയുടെ അധികച്ചെലവ് | 1-19 |
| 20 | തെരുവു വിളക്ക് പരിപാലനം -സർക്കാർ നിർദ്ദേശങ്ങൾ പൂർണ്ണമായി പാലിയ്ക്കുന്നില്ല. | 1-20 |

| | | |
|---|---|---|
| 21 | തുക നിക്ഷേപിച്ച് വർഷങ്ങൾ കഴിഞ്ഞിട്ടും മീറ്ററുകൾ സ്ഥാപിച്ചില്ല | 1-21 |
| 22 | കണക്ടിറ്റിവിറ്റി പ്ലാൻ തയ്യാറാക്കിയില്ല-റോഡുകളുടെ മുഴുവൻ നീളത്തിനും പ്രോജക്ട് തയ്യാറാക്കുന്നില്ല | 1-22 |
| 23 | മരാമത്ത് പ്രവൃത്തികൾ- ഫയൽ സൂക്ഷിപ്പിൽ അപാകത | 1-23 |
| 24 | റോഡിതര ആസ്തികളുടെ സംരക്ഷണത്തിനായി ആസ്തി സംരക്ഷണ പദ്ധതികൾ നടപ്പിലാക്കിയിട്ടില്ല | 1-24 |
| 25 | ലൈഫ് ഭവനപദ്ധതിയ്ക്ക് മതിയായ തുക വകയിരുത്തിയില്ല | 1-25 |
| 26 | ലൈഫ് ഭവനപദ്ധതി- ഗുണഭോക്താക്കൾ ഭവനനിർമ്മാണം പൂർത്തിയാക്കിയില്ല. | 1-26 |
| 27 | റോഡ് വികസനം-വാർഡ് അടിസ്ഥാനത്തിൽ സമഗ്രവികസനമെന്ന ലക്ഷ്യം കൈവരിയ്ക്കാനായില്ല. | 1-27 |
| 28 | പഞ്ചായത്ത് പരിധിയിലുള്ള വിദ്യാലയങ്ങൾ ഫിറ്റ്നസ് സർട്ടിഫിക്കറ്റില്ലാതെ പ്രവർത്തിക്കുന്നു | 1-28 |
| | **വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ** | |
| | - ഇല്ല - | |
| | **ഭാഗം 3** | |
| | **ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ** | |
| 29 | ഫൈനൽ തുകയിൽ നിന്നും ടെണ്ടർ കുറവു വരുത്തിയില്ല. 71930/- രൂപയുടെ അധിക ചെലവ് | 3-1 |
| | **ഭാഗം 4** | |
| | **പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും** | |
| 30 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 31 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 32 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 33 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 34 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 35 | സ്ഥിര നിക്ഷേപം | 4-6 |
| 36 | ഓഡിറ്റ് റിക്കവറി | 4-7 |
| 37 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 38 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 39 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 40 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |


## <u>ഭാഗം -1</u>

# ഓഡിറ്റ് റിപ്പോർട്ട്

## 1-1 ബജറ്റ്

ഗ്രാമപ്പഞ്ചായത്തിന്റെ 2018-19 വർഷത്തെ ബജറ്റ് 28.03.2018 തീയതിയിലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. പരിഷ്കരിച്ച ബജറ്റ് 12.12.2018 തീയതിയിലെ 3-ാം തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2019 | 10.04.2019 |

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 4510543 |
| വരവ് | 54921343 |
| ആകെ | 59431886 |
| ചെലവ് | 52661903 |
| നീക്കിയിരിപ്പ് | 6769983 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | | ഒ.ബി | വരവ്/ അലോട്ട്മെന്റ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | | 0 | 14927000 | 14927000 | 14926986 | 14 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | | 0 | 4522000 | 4522000 | 3139698 | 1382302 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | | 0 | 195000 | 195000 | 150000 | 45000 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | | 0 | 4326000 | 4326000 | 4317878 | 8122 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | | 0 | 3038000 | 3038000 | 2186008 | 851992 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | | 0 | 8808593 | 8808593 | 6897996 | 1910597 |
| സാക്ഷരത | | 15529 | 0 | 15529 | 0 | 15529 |
| എം.ജി.എൻ.ആർ.ഇ.ജി.എസ് | തൊഴിലാളികളുടെ കൂലി | 0 | 10479679 | 10479679 | 10479679 | 0 |
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 1127 | 631471 | 632598 | 630823 | 1775 |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ബ്ലോക്ക് പഞ്ചായത്ത് | -67575 | 1496555 | 1428980 | 1152657 | 276323 |
| | ജില്ലാ പഞ്ചായത്ത് | -100000 | 2555391 | 2455391 | 2323808 | 131583 |
| ബി ഫണ്ട് | | 0 | 37680 | 37680 | 37680 | 0 |
| ജനറൽ പർപ്പസ് ഗ്രാന്റ്/ ട്രഷറി റ്റി.എസ്.ബി. | | -812179 | 7917846 | 7105667 | 4447403 | 2658264 |
| തനത് ഫണ്ട് | | 754676 | 1942490 | 2697166 | 1045646 | 1651520 |

| | | | | | | |
|---|---|---|---|---|---|---|
| [illegible] | ബാങ്ക് അക്കൗണ്ട് 1.എസ്.ബി.ഐ. | [illegible] | [illegible] | [illegible] | [illegible] | [illegible] |
| | 2. എസ്.ബി.ഐ. ഇ-പേമെന്റ് | 44396 | 89859 | 134255 | 649 | 133606 |
| | 3. ഡി.സി.ബി. | 4374690 | 6282381 | 10657071 | 9063772 | 1593299 |
| മറ്റിനം (നിർമ്മൽ പുരസ്കാരം) | | 212378 | 7532 | 219910 | 0 | 219910 |

# 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 179 | 58206345 | 113 | 38809678 | 66 | 0 | 66.68 |

**<u>പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ :</u>**

1. 29/2019-കൊറ്റംകുടി പെരുംപാറ റോഡ് റീടാറിംഗ്-അടങ്കൽ-254000(സംരക്ഷണ ഗ്രാന്റ്-റോഡ്) കരാർ ഉടമ്പടി തീയതി-27.09.2018

# 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 1127 | 631471 | 632598 | 630823 | 1775 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 10479679 | 10479679 | 10479679 | 0 |

# 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 7680 | 4 |
| കർഷകതൊഴിലാളി പെൻഷൻ | 3100900 | 254 |
| വിധവാപെൻഷൻ | 4982300 | 456 |
| വാർദ്ധക്യകാലപെൻഷൻ | 19027700 | 1769 |
| വികലാംഗപെൻഷൻ | 2754300 | 222 |
| വിവാഹ ധനസഹായം | 30000 | 1 |
| അവിവാഹിത പെൻഷൻ | 105600 | 8 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 23.12.2019-ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 5200 രൂപയുടെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

ഗ്രാമപഞ്ചായത്തിന്റെ ഓഫീസ് പ്രവർത്തനം വിവിധ ഓഫീസ് ഉത്തരവുകളിലൂടെ ക്രമീകരിച്ചിട്ടുണ്ട്. വൗച്ചറുകൾ, രജിസ്റ്ററുകൾ എന്നിവയുടെ സൂക്ഷിപ്പ് തൃപ്തികരമാണ്. ഫ്രണ്ട് ഓഫീസിലെ സൗകര്യങ്ങൾ നിലവിൽ അപര്യാപ്തമാണ്. ഐ.എസ്.ഒ സർട്ടിഫിക്കേഷൻ നേടുന്നതിനായുള്ള നടപടികൾ അവസാനഘട്ടത്തിലാണ്. രേഖകളും രജിസ്റ്ററുകളും സൂക്ഷിക്കുന്നതിനായി റെക്കോർഡ് റൂം സജ്ജീകരിക്കുന്നതിനുള്ള നടപടികളും പുരോഗമിക്കുന്നു. ജീവനക്കാരുടെ ചുമതലകൾ വ്യക്തമായി നിർണ്ണയിച്ചുകൊണ്ട് ജോലിവിഭജനം നടത്തിയിട്ടുണ്ട്.

**പദ്ധതി അവലോകനം**

2018-19 വാർഷിക പദ്ധതി ആസൂത്രണപ്രക്രിയയുടെ ഭാഗമായി സർക്കാർ നിർദ്ദേശപ്രകാരമുള്ള നടപടിക്രമങ്ങൾ താഴെപ്പറയുംപ്രകാരം പാലിച്ചിട്ടുണ്ട്.

| | | |
|---|---|---|
| ആസൂത്രണസമിതി | : | 21.02.2018 |
| വർക്കിംഗ് ഗ്രൂപ്പുകൾ | : | 26.02.2018 |
| ഗ്രാമസഭകൾ | : | 1.03.2018 മുതൽ 2.03.2018 വരെ |
| വികസനസെമിനാർ | : | 17.03.2018 |
| കരട്പദ്ധതിരേഖ അംഗീകാരം | : | 13.03.2018 |
| ഭരണാനുമതി | : | 16.04.2018 |
| അന്തിമപദ്ധതി ഡി.പി.സി അംഗീകാരം | : | RO1/415/2018 DPC/DPO/PTA Dt.16.02.2019 |

ആസൂത്രണപ്രക്രിയ ആരംഭിക്കുന്നതിനു മുന്നോടിയായി ആവശ്യമെങ്കിൽ നിലവിലുള്ള വർക്കിംഗ് ഗ്രൂപ്പുകൾ പുനസംഘടിപ്പിക്കാവുന്നതാണ്. വർക്കിംഗ് ഗ്രൂപ്പിന്റെ വിഷയമേഖലയുമായി ബന്ധപ്പെട്ട സ്ഥിതിവിവരകണക്കുകൾ ശേഖരിക്കുക, പ്രാരംഭപ്രവർത്തനമായി നിലവിലുള്ള അവസ്ഥരേഖ പരിഷ്കരിക്കുക, അവസ്ഥാരേഖയെ അടിസ്ഥാനമാക്കി ഓരോ വിഷയമേഖലയും നേരിടുന്ന പ്രധാന വെല്ലുവിളികൾ, വികസനത്തിലെ നിലവിലുള്ള വിടവുകൾ, വികസനം മെച്ചപ്പെടുത്തുന്നതിനുള്ള സാധ്യതകൾ, അതിന് സ്വീകരിക്കാവുന്ന തന്ത്രം എന്നിവയെല്ലാം ഉൾപ്പെടുത്തി അവസ്ഥാരേഖ തയ്യാറാക്കുക തുടങ്ങിയ വർക്കിംഗ് ഗ്രൂപ്പുകളുടെ ചുമതലകൾ ശരിയാംവണ്ണം നിർവഹിച്ചിട്ടില്ലയെന്ന് വിവിധ വർക്കിംഗ് ഗ്രൂപ്പുകളുടെ മിനിട്സ് പരിശോധിച്ചതിൽ വ്യക്തമായി. ഗ്രാമസഭായോഗങ്ങളെതുടർന്ന് വർക്കിംഗ് ഗ്രൂപ്പുകൾ യോഗം ചേർന്ന് ഗ്രാമസഭാനിർദ്ദേശങ്ങൾ ക്രോഡീകരിച്ച് ഭരണസമിതിക്ക് സമർപ്പിക്കേണ്ടതാണ്. എന്നാൽ വാർഷിക പദ്ധതി കാലയളവിൽ ഒരു പ്രാവശ്യം മാത്രമാണ് വർക്കിംഗ് ഗ്രൂപ്പ് യോഗം കൂടിയത്. മിനിട്സിൽ പ്രോജക്ട് നിർദ്ദേശങ്ങൾ മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

അംഗീകാരം ലഭിച്ച 179 പദ്ധതികളിൽ 113എണ്ണം മാത്രമേ നടപ്പാക്കാനായുള്ളൂ. 2018-19 വർഷത്തെ 8 ബില്ലുകൾ സമയബന്ധിതമായി സമർപ്പിക്കാതിരുന്നതുമൂലം കൃവിലാകുകയും ഈ തുക(827298), 2019-20-ലെ അലോട്ട്മെന്റിൽ നിന്നും കണ്ടെത്തേണ്ട സാഹചര്യവും ഉണ്ടായി. 2017-18 ലെ 10 ബില്ലുകൾക്കായി 2248995രൂപയും 2018-19 വർഷം ചെലവഴിച്ചിരുന്നു.

കാർഷിക മേഖല പതിവ് പ്രോജക്ടുകളായ ഫലവൃക്ഷത്തൈ വിതരണം, വളം വിതരണം, കുരുമുളക് കൃഷി, പമ്പ് സെറ്റ് വിതരണം എന്നിവയുടെ നിർവഹണത്തിലൊതുങ്ങി.

ലൈഫ് മിഷൻ പദ്ധതിയിൽ ജനറൽ വിഭാഗത്തിൽ 19 പേരും പട്ടികജാതി വിഭാഗത്തിൽ ഒരാളും കരാർ ഉടമ്പടി വച്ചതിൽ 12 പേർ ഭവനനിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ട്.

തെരുവ് വിളക്ക് പരിപാലനം എ.എം.സി അടിസ്ഥാനത്തിൽ നടത്തിയതിന് 191860 രൂപ ചെലവഴിച്ചിട്ടുണ്ട്. തെരുവ് വിളക്കുകളുടെ മീറ്ററിംഗിനായി മുൻ വർഷങ്ങളിലായി 551200 രൂപ ചെലവഴിച്ചുവെങ്കിലും മീറ്ററിംഗ് എങ്ങുമെത്തിയില്ല.

പൊതുടാപ്പുകളുടെ എണ്ണം കുറച്ചുകൊണ്ടുവരുന്നതിനും ഗാർഹിക കണക്ഷൻ പ്രോത്സാഹിപ്പിക്കണമെന്നുമുള്ള മാർഗ്ഗരേഖാനിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ പ്രോജക്റ്റ് ആവിഷ്കരിച്ചുവെങ്കിലും നടപ്പായില്ല. 3/2018 ലെ ബിൽപ്രകാരമുള്ള പൊതുടാപ്പുകളുടെ എണ്ണം 154 എന്നത് 2/2019 ആയപ്പോഴേയ്ക്കും 181 ലേയ്ക്കെത്തി.

സ്പിൽഓവർ പ്രോജക്ടുകളുടെ ആധിക്യം പുതിയ പ്രോജക്ടുകളുടെ നിർവഹണത്തെയും ബാധിച്ചിട്ടുണ്ട്. അസിസ്റ്റന്റ് എൻജിനീയർ നിർവഹണ ഉദ്യോഗസ്ഥനായി നടപ്പാക്കാൻ സ്പിൽ ഓവർ ഉൾപ്പെടെ 99 പ്രോജക്ടുകളാണ് ഉണ്ടായിരുന്നത്. ഇതിൽ 68 എണ്ണമാണ്(31സ്പിൽ ഓവർ ഉൾപ്പെടെ )നടപ്പാക്കിയത്. മരാമത്ത് പ്രവൃത്തികൾക്കായി വകയിരുത്തിയ 25514827/- രൂപയുടെ 61.5% മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. (1573822/-)പ്രവൃത്തികളിൽ ഭൂരിഭാഗവും ചെറിയ ചെയ്യേജിൽ ഉള്ള റോഡ് കോൺക്രീറ്റിംഗ് /റീ-ടാറിംഗ്പ്രവൃത്തികളായിരുന്നു.

മെയിന്റൻസ് ഫണ്ടും ലഭ്യമാക്കാൻ കഴിയുന്ന തനത് ഫണ്ടും ഉപയോഗപ്പെടുത്തി തദ്ദേശഭരണ സ്ഥാപനത്തിന്റെ ഉടമസ്ഥതയിലും മേൽനോട്ടത്തിലും നിയന്ത്രണത്തിലുമുള്ള റോഡ്, റോഡിതര ആസ്തികളുടെ സംരക്ഷണത്തിന് ഒരു പ്രത്യേക ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കണമെന്ന മാർഗ്ഗരേഖാനിർദ്ദേശം പാലിച്ചിട്ടില്ല. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

പാരമ്പര്യേത ഊർജ്ജസ്രോതസ്സുകളുടെ പ്രോത്സാഹനത്തിനോ, അക്ഷയോർജ്ജ ഉപകരണങ്ങളുടെ വ്യാപനത്തിനോ വാർഷികപദ്ധതിയിൽ ഊന്നൽ നൽകിയിട്ടില്ല.

# 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 12.11.2019 മുതൽ 14.11.2019 വരെ | 04/2019 മുതൽ 10/2019 വരെ | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 03.07.2018 മുതൽ 11.07.2018 വരെ | 2013-14 മുതൽ 2017-18 വരെ | 06.09.2018 |

# 1-11 വാർഷികകണക്കുകളിലെ അപാകതകൾ

1. ഷെഡ്യൂൾ B-15: വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള വസ്തു നികുതി ഡി.സി.ബി. സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകകളുമായി പൊരുത്തപ്പെടുന്നില്ല.
2. ഷെഡ്യൂൾ B-18: എം.എൻ.ആർ.ഇ.ജി.എസ്. പദ്ധതിയ്ക്ക് തനത് ഫണ്ടിൽനിന്നും മുൻകൂറായി ചെലവഴിച്ച തുകയിൽ ക്രമീകരിക്കാൻ അവശേഷിക്കുന്ന 773933 രൂപ ബാലൻസ് ഷീറ്റിൽ B-18 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടില്ല.
3. ഷെഡ്യൂൾ B-18: ഇലക്ട്രിസിറ്റി ഡെപ്പോസിറ്റ് ഇനത്തിൽ കാണിച്ചിരിക്കുന്ന 49798 രൂപയുടെ വിശദാംശങ്ങൾ ലഭ്യമല്ല.
4. ടി.എസ്.പി. ഒഴികെയുള്ള മറ്റ് ഫണ്ടിനങ്ങളിലെ അക്കൗണ്ട്സ് പ്രകാരമുള്ള ചെലവ് സുലേഖയിലെ ചെലവുമായി പൊരുത്തപ്പെടുന്നില്ല.

# 1-12 പ്രോജക്ട് നിർവ്വഹണത്തിൽ വീഴ്ച- 42 ലക്ഷം രൂപ പ്രയോജനരഹിതമായി

ഗ്രാമപഞ്ചായത്തിന് ലഭ്യമായ ഫണ്ടിന് ആനുപാതികമായി പ്രോജക്ടുകൾ ആവിഷ്കരിക്കുന്നതിലും നടപ്പിലാക്കുന്നതിലുമുണ്ടായ വീഴ്ച മൂലം 41980313/- രൂപ പ്രയോജനരഹിതമായി. ആകെ അനുവദിച്ച അലോട്ട്മെന്റിൽ നിന്നും പ്രോജക്ടുകൾക്കായി ചെലവഴിക്കാതെ നീക്കിയിരിപ്പുണ്ടായിരുന്ന തുകയാണ് നഷ്ടമായത്. വിശദാംശം താഴെ കൊടുക്കുന്നു.

| ഫണ്ടിനം | തൻ വർഷം ലഭിച്ച അലോട്ട്മെന്റ് | അലോട്ട്മെന്റ് തുകയിൽ നിന്നും ചെലവഴിച്ചത് | ചെലവ് % | നഷ്ടമായ തുക |
|---|---|---|---|---|
| വികസനഫണ്ട് എസ്.സി.പി. | 4522000 | 3139698 | 69.43 | 1382302 |
| വികസനഫണ്ട് റ്റി.എസ്.പി | 195000 | 150000 | 76.92 | 45000 |
| സംരക്ഷണ ഗ്രാന്റ് ( റോഡ്) | 4326000 | 4317878 | 99.81 | 8122 |
| സംരക്ഷണ ഗ്രാന്റ് (നോൺ റോഡ്) | 3038000 | 2186008 | 71.96 | 851992 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 8808593 | 6897996 | 24.82 | 1910597 |
| ആകെ | 20889593 | 16691580 | 80 | 4198013 |

ഗ്രാമപഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങൾക്കും വിവിധ സേവനങ്ങൾ നൽകുന്നതിനും ലഭ്യമായ തുക ഇപ്രകാരം നഷ്ടപ്പെട്ടത് ഭരണസമിതിയുടേയും ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റിയുടേയും ഭാഗത്തുനിന്നും ഉണ്ടായ വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു. ആയതിനാൽ ഇക്കാര്യത്തിൽ വേണ്ടത്ര ശ്രദ്ധ പുലർത്തേണ്ടതും, ഭാവിയിൽ ഇത്തരം അപാകത ഉണ്ടാകാതിരിക്കാൻ ഫലപ്രദമായ ഇടപെടൽ നടത്തേണ്ടതുമാണ്.

# 1-13 മൊബൈൽ ടവറുകളുടെ വസ്തുനികുതി ഈടാക്കാൻ അവശേഷിക്കുന്നു

ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ചുവടെ ചേർത്തിരിക്കുന്ന മൊബൈൽ ടവറുകളുടെ വസ്തുനികുതി ഈടാക്കാൻ അവശേഷിക്കുന്നു.

| ക്രമ നം. | കെട്ടിട നം. | ടവറിന്റെ വിവരം | പ്ലിന്ത് ഏരിയ (ച.മീ) | നിർണ്ണയിച്ചിട്ടുള്ള ആകെ നികുതി | കുടിശിക കാലയളവ് | കുടിശിക |
|---|---|---|---|---|---|---|
| 1 | 5-1/MT/ 2015-16 | ഡിഷ്നെറ്റ് വയർലെസ്സ് എയർസെൽ | 39.19 | 19479 | 2010-11 മുതൽ 2018-19 വരെ | 175311 |
| 2 | 7-128 | എസ്സാർ സെല്ലുലാർ ലിമിറ്റഡ് | 15 | 10650 | 2013-14 മുതൽ 2018-19 വരെ | 63900 |
| 3 | 11-1/MT | ബി.എസ്.എൻ.എൽ. | 5.94 | 4218 | 2010-11 മുതൽ 2018-19 വരെ | 37962 |
| 4 | 14-1/MT | ഭാരതി ഇൻഫ്രാടെൽ | 30 | 14910 | 2017-18 മുതൽ | 29820 |

| | | | | | | |
|---|---|---|---|---|---|---|
| | | ലിമിറ്റഡ് | | | 2018-19 വരെ | |
| | | ആകെ | | | | 306993 |

വസ്തുനികുതി കുടിശിക പലിശ ഉൾപ്പെടെ ഈടാക്കി വിവരം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

# 1-14 ലൈസൻസ് നൽകിയതിലെ അപാകതകൾ

ഓഡിറ്റ് വർഷം ലൈസൻസുമായി ബന്ധപ്പെട്ട അപേക്ഷകൾ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

ഭേദഗതി ചട്ടങ്ങളിലെ നിർദ്ദേശങ്ങൾ നടപ്പിലാക്കിയിട്ടില്ല

കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ (31.10.2017-ലെ സ.ഉ (പി) നം. 80/2017/തസ്വഭവ )പ്രകാരം ലൈസൻസ് ഫീ നിശ്ചയിക്കുന്നത് ദൈനംദിന വിറ്റുവരവിന് പകരം മൂലധനത്തിന്റെ അടിസ്ഥാനത്തിലായിരിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ലൈസൻസ് ചട്ടങ്ങളിൽ വന്ന ഭേദഗതി പ്രകാരം 2018-19 സാമ്പത്തിക വർഷം മുതൽ ഫീസ് പിരിക്കുന്നതിന് സ്ഥാപനങ്ങളെ മൈക്രോ, മിനി, സ്മാൾ, മീഡിയം, ലാർജ്ജ് എന്നിങ്ങനെ തരം തിരിക്കേണ്ടതാണെങ്കിലും അപ്രകാരം ചെയ്തു കാണുന്നില്ല. അപേക്ഷകളിലോ രജിസ്റ്ററിലോ തരം ഏതാണെന്നോ പട്ടിക 2 പ്രകാരം ഫീസ് എത്രയാണെന്നോ രേഖപ്പെടുത്തിയിട്ടില്ല. അപേക്ഷകളിൽ മൂലധന നിക്ഷേപം രേഖപ്പെടുത്തുന്നതിനു പകരം ദൈനംദിന വിറ്റുവരവ് എന്നാണ് ചേർത്തിരിക്കുന്നത്. ലൈസൻസ് സർട്ടിഫിക്കറ്റിൽ 'ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കുമുള്ള ലൈസൻസ്' എന്നതിനു പകരം 'ഡി&ഒ ലൈസൻസ്'' എന്നാണ് ചേർത്തിരിക്കുന്നത്. ഇപ്രകാരം ഭേദഗതി ചട്ടം പ്രകാരമുള്ള മാറ്റങ്ങൾ വരുത്തിയല്ല ലൈസൻസ് അപേക്ഷകൾ സമർപ്പിച്ചിട്ടുള്ളത്. കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന സർക്കാർ ഉത്തരവുകളും സർക്കുലറുകളും ചട്ട-ഭേദഗതികളും അനുസരിച്ച് അപേക്ഷകൾ പരിഷ്കരിക്കുന്നതിനും ആയതിന്റെ അടിസ്ഥാനത്തിൽ മാത്രം ലൈസൻസ് നൽകുന്നതിനും ശ്രദ്ധിക്കേണ്ടതിന് ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

# 1-15 റേഷൻ റീട്ടെയിൽ ഡിപ്പോകൾ, ക്ഷീരസഹകരണ സംഘങ്ങൾ എന്നിവ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു.

(എ) 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 232, 233, 234, 254 വകുപ്പുകൾക്ക് അനുബന്ധമായി പുറപ്പെടുവിച്ചിട്ടുള്ള ഡി & ഒ ലൈസൻസ് ചട്ടങ്ങളിൽ, ലൈസൻസ് ആവശ്യമായ സ്ഥാപനങ്ങളുടെ പട്ടികയിൽ ഭക്ഷ്യ-പൊതുവിതരണ വകുപ്പിന്റെ പൊതു വിതരണ സമ്പ്രദായത്തിന്റെ ഭാഗമായ റേഷൻ റീട്ടെയിൽ ഡിപ്പോകളെയും ഉൾപ്പെടുത്തിയിട്ടുണ്ട്. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകളുടെ വിവരങ്ങൾ ലഭ്യമാക്കുവാൻ നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം. 08A/27.12.19) മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ പഞ്ചായത്ത് പരിധിയിൽ എത്ര റേഷൻ റീട്ടെയിൽ ഡിപ്പോകൾ പ്രവർത്തിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുവാൻ സാധിച്ചിട്ടില്ല. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ റീട്ടെയിൽ ഡിപ്പോകൾ ഒന്നും തന്നെ പഞ്ചായത്തിൽ നിന്ന് ലൈസൻസ് എടുത്തിട്ടില്ലായെന്ന് വ്യക്തമാണ്. ഇവരെ ലൈസൻസ് പരിധിയിൽ കൊണ്ടുവരുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

റേഷൻ കടകളെ നിലവിലുള്ള ചട്ടങ്ങൾ പ്രകാരം ലൈസൻസ് ഫീസ്, തൊഴിൽ നികുതി എന്നിവ ഒടുക്കുന്നതിൽ നിന്നും ഒഴിവാക്കാൻ കഴിയുകയില്ലായെന്ന് 22.01.19-ലെ (സി.എസ്.)എ9-764/2019 നമ്പർ കത്ത് പ്രകാരം സിവിൽ സപ്ലൈസ് ഡയറക്ടർ സ്പഷ്ടീകരണം പുറപ്പെടുവിച്ചിട്ടുണ്ടെന്നുള്ള വിവരം ശ്രദ്ധയിൽപ്പെടുത്തുന്നു.

റേഷൻകടകളിൽ നിന്നും എഫ്.റ്റി.ഇ.എ.ഒ.എസ്. ലൈസൻസ് ഫീസ്, ജീവനക്കാരുടെ തൊഴിൽ നികുതി എന്നിവ ഈടാക്കുന്നതിന് നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

(ബി) പഞ്ചായത്ത് പരിധിയിൽ 7 ക്ഷീരകർഷക സംഘങ്ങൾ പ്രവർത്തിക്കുന്നുണ്ട്. ഇവയൊന്നും തന്നെ പഞ്ചായത്തിൽ നിന്ന് ലൈസൻസ് എടുത്തിട്ടില്ല. പേരുവിവരം ചുവടെ ചേർക്കുന്നു.

1. എഴുമറ്റൂർ ക്ഷീരകർഷക സംഘം.
2. വാളക്കുഴി ക്ഷീരകർഷക സംഘം.
3. തെള്ളിയൂർ ക്ഷീരകർഷക സംഘം.
4. കൊറ്റൻകുടി ക്ഷീരകർഷക സംഘം.
5. എടക്കാട് ക്ഷീരകർഷക സംഘം.
6. മേമല ക്ഷീരകർഷക സംഘം.
7. ചാലാപ്പള്ളി ക്ഷീരകർഷക സംഘം.

മേൽപ്പറഞ്ഞ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

# 1-16 ടെണ്ടർ ഫീസ് നാളിതുവരെ തിരികെ ഈടാക്കിയിട്ടില്ല

അസിസ്റ്റന്റ് എൻജിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി ഇ-ടെണ്ടർ മുഖേന നടപ്പിലാക്കിയ മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫോറ വിലയായി (ടെണ്ടർ ഫീസ്) ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എൻജിനീയറുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടിൽ കരാറുകാർ ഒടുക്കിയ തുക ഗ്രാമപഞ്ചായത്തിന് ലഭിച്ചിട്ടില്ല.

28/9/13-ലെ ജി.ഒ(എം.എസ്) നം.318/2013/ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം ഇ-ടെണ്ടർ മുഖേന നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ഇ.എം.ഡി, ടെണ്ടർ ഫീസ് എന്നിവ ഓൺലൈൻ ആയി ഒടുക്കുന്നതിന് എൽ.എസ്.ജി.ഡി ജില്ലാ എക്സിക്യൂട്ടീവ് എൻജിനീയറുടെ പേരിൽ സീറോ ബാലൻസ് അക്കൗണ്ട് ആരംഭിക്കുന്നതിനും ഗ്രാമ/ബ്ലോക്ക് പഞ്ചായത്തുകളിൽ നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീസ് ഈ അക്കൗണ്ടിൽ ഒടുക്കാനും നിർദ്ദേശിച്ചിരുന്നു. ജി.ഒ(പി)നം.3/2015/ഫിൻ തീയതി 05/01/2015 പ്രകാരം ടെണ്ടർ ഫോറ വില അടങ്കൽ തുകയുടെ 0.2% കുറഞ്ഞത് 500 രൂപയാണ്. വിവിധ വർഷങ്ങളിലായി താഴെ പറയുന്ന പ്രകാരമുള്ള ടെണ്ടർ ഫീസാണ് തിരികെ ലഭിക്കാനുള്ളത്.

| സാമ്പത്തിക വർഷം | ലഭിച്ച ടെണ്ടറുകളുടെ എണ്ണം | ടെണ്ടർ ഫീസ് | വാറ്റ് / ജി.എസ്.റ്റി. | ആകെ തുക |
|---|---|---|---|---|
| 2017-18 | 15 | 19592 | 2351 | 21943 |
| 2018-19 | 1 | 1200 | 140 | 1340 |
| ടെണ്ടർ ഫീസിനത്തിൽ ആകെ ലഭിക്കേണ്ട തുക | | 20792 | 2491 | 23283 |

ടി തുക ജില്ലാപഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറിൽ നിന്നും തിരികെ വാങ്ങാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 1-17 ഓൺലൈൻ വസ്തു നികുതി- പഞ്ചായത്തിന് തുക ലഭ്യമാകുന്നതിന് കാലതാമസം

വസ്തുനികുതി ഓൺലൈനായി അടവാക്കുന്നതിന് പഞ്ചായത്ത് സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യ, തെള്ളിയൂർ ശാഖയിൽ 36886033688 നമ്പരായി അക്കൗണ്ട് ആരംഭിച്ചിട്ടുണ്ട്. ഈ അക്കൗണ്ടിൽ വസ്തു നികുതി അടവാക്കുന്ന അവസരത്തിൽ തന്നെ സഞ്ചയ ഓൺലൈൻ വസ്തുനികുതിയുള്ള സോഫ്റ്റ്‌വെയറിൽ അപ്ഡേറ്റാകുകയും വസ്തു നികുതി അടവാക്കുന്ന വ്യക്തിക്ക് അടച്ച തുകയുടെ രസീത് ലഭ്യമാകുകയും ചെയ്യുന്നു. എന്നാൽ ഈ തുക പഞ്ചായത്തിന് ലഭ്യമാകുന്നതിന് കാലതാമസം ഉണ്ടാകുന്നു. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| തുക ഒടുക്കിയ തീയതി | തുക | അക്കൗണ്ടിൽ വരവ് വന്ന തീയതി |
|---|---|---|
| 27.03.2018 | 5090 | 09.04.2018 |
| 23.04.2018 | 2345 | 04.05.2018 |
| 30.07.2018 | 3606 | 14.08.2018 |
| 03.12.2018 | 5584 | 12.12.2018 |
| 04.02.2019 | 9486 | 29.03.2019 |

ഈ സാങ്കേതിക പിഴവ് മൂലം പഞ്ചായത്തിലെ സാംഖ്യയിലെ കണക്കുകളും സഞ്ചയയിലെ വസ്തുനികുതി കണക്കുകളും തമ്മിൽ പൊരുത്തപ്പെടാതെ പോകുന്നു. ഗൗരവമായ ഈ പ്രശ്നം പഞ്ചായത്ത് അധികൃതരുടേയും ഡി.ഡി.പിയുടേയും ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-18 ബാരൽ വില ഈടാക്കിയില്ല

ഓഡിറ്റ് വർഷം നടപ്പാക്കിയ മരാമത്ത് പ്രവൃത്തികളിൽ ടാറിംഗ്/റീ-ടാറിംഗിന് MORD സ്പെസിഫിക്കേഷൻ പ്രകാരമാണ് ഡാറ്റാ തയ്യാറാക്കിയിട്ടുള്ളത്. ഇത് പ്രകാരം ടാറിംഗ്/റീ-ടാറിംഗ് പ്രവൃത്തികളുടെ ഡാറ്റായിൽ എമൽഷൻ-പാക്കഡ്(M-407), ബിറ്റുമിൻ S-65 (പാക്ക്ഡ്)@156kg/drum(M-408) എന്നിവയ്ക്ക് ബാധകമായ നിരക്കാണ് നൽകിയിട്ടുള്ളത്. ബാരൽ വില ഉൾപ്പെടെയുള്ള നിരക്ക് ഡാറ്റായിൽ ഉൾപ്പെടുത്തിയിട്ടുള്ളതിനാൽ കരാറുകാരനിൽ നിന്നും ബാരലിന്റെ വില ഈടാക്കുകയോ ബാരൽ തിരികെ വാങ്ങുകയോ ചെയ്യേണ്ടതായിരുന്നു. എന്നാൽ താഴെപ്പറയുന്ന പ്രവൃത്തികളുടെ ഫൈനൽ ബിൽ തയ്യാറാക്കിയത് പരിശോധിച്ചതിൽ ബാരൽ വിലയും ഇതിന് ബാധകമായ ജി.എസ്സ്.റ്റിയും ഈടാക്കിയിട്ടില്ല എന്നു കാണുന്നു. വിശദ വിവരം ചുവടെ ചേർക്കുന്നു.

| പ്രവൃത്തിയുടെ വിവരങ്ങൾ | അടങ്കൽ | വേലമൂല്യം ,ബിൽ നമ്പർ | ഉപയോഗിച്ച ടാർ | ബാരലുകളുടെ എണ്ണം | ഈടാക്കേണ്ടിയിരുന്ന തുക | GST | ആകെ |
|---|---|---|---|---|---|---|---|
| തെള്ളിയൂർകാവ്-മുട്ടുത്തുമാന്നാൽ റോഡ് റീടാറിംഗ്120/19 പി.എം.കബീർ എം.ബുക്ക്-32/17-18 | 290000 | 289622 (ബിൽ നം. 13800113633/ 16.05.2018) | 1579 kg (VG 30) 174.735 (RS1) | 10 1 | 11X238=2618 | 471 | 3089 |
| ചോറ്റയിൽ -പനച്ചിയ്ക്കൽ റോഡ് റീടാറിംഗ്153/19 ജോൺ തോമസ് എം.ബുക്ക്-45/18 | 202000 | 198953 (ബിൽ നം-13800415462 2.08.2018 | 1534.69kg (VG 30) 165kg (RS1) | 9 1 | 10X238=2380 | 428 | 2808 |
| അംബേദ്കർ കോളനി റോഡ് റീ ടാറിംഗ് 157/19 | 288000 | 282844 (ബിൽ നം-13800967717/ 20.12.2018 | 2241.6kg 247.5kg | 14 1 | 15X238=3570 | 643 | 4213 |

| | | | | | | | |
|---|---|---|---|---|---|---|---|
| പ്രസാദ് എം.ബുക്ക്-51/18 | | | | | | | |
| അറഞ്ഞിയ്ക്കൽ-മങ്ങാട്ടുപടി റോഡ് റീ-ടാറിംഗ് 145/19 ജോൺ തോമസ് എം.ബുക്ക്-46/18 | 288000 | 285598 (ബിൽ നം.13800415450 9.08.2018) | 1805.68 kg<br>204.6 മ | 11<br>1 | 12*238=2856 | 514 | 3370 |
| മലമ്പാറ പാറക്കടവ് റോഡ് റീ-ടാറിംഗ് 148/19 ജോൺ തോമസ് എം.ബുക്ക്-47/18 | 288000 | 247314 (ബിൽ നം.13800538018 17.09.2018) | 2245.49kg<br>259.8kg | 41<br>1 | 15*238=3570 | 286 | 3856 |
| ആകെ | | | | | 14994 | 2342 | 17336 |

തുക കരാറുകാരിൽ നിന്നോ നിർവ്വഹണ ഉദ്യോഗസ്ഥയിൽ നിന്നോ ഈടാക്കേണ്ടതും തുകയുടെ അടവ് വിവരം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതുമാണ്.

## 1-19 ഫൈനൽ തുകയിൽ നിന്നും ടെണ്ടർ കുറവു വരുത്തിയില്ല. 71930/- രൂപയുടെ അധിക ചെലവ്

2018-19 വർഷം നിർവ്വഹണം നടത്തിയ താഴെപ്പറയുന്ന മരാമത്ത് പ്രവൃത്തികളുടെ ഫയൽ പരിശോധിച്ചതിൽ ടെണ്ടർ കുറവ് വരുത്താതെ കരാറുകാർക്ക് പ്രതിഫലം നൽകിയതുവഴി 71930/- രൂപ അധികമായി നൽകിയിട്ടുണ്ട്. വിശദാവിവരങ്ങൾക്ക് ഖണ്ഡിക 3-1 കാണുക.

## 1-20 തെരുവു വിളക്ക് പരിപാലനം -സർക്കാർ നിർദ്ദേശങ്ങൾ പൂർണ്ണമായി പാലിയ്ക്കുന്നില്ല.

| | |
|---|---|
| പ്രോജക്ട് നമ്പർ | 45/2019 |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |
| ചെലവ് തുക, ബിൽ നമ്പർ/തീയതി<br>191860/- | 84800-13601361719/13.03.2019<br>74200-13601383958/15.03.2019<br>32860-13601511397/26.03.2019 |

തെരുവു വിളക്കുകളുടെ അറ്റകുറ്റപ്പണി നടത്തുന്നതിന് തൻവർഷം ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ നിന്നും 191860/- രൂപ ചെലവഴിച്ചിട്ടുണ്ട്. തെരുവ് വിളക്കുകൾ വാങ്ങി മാറ്റിയിടുന്നതിനും/അറ്റകുറ്റപ്പണി നടത്തുന്നതിനുമായി സി.എഫ്.എൽ.ലാമ്പ്/ട്യൂബ് – വിളക്കൊന്നിന് 530-രൂപ നിരക്കിൽ വാർഡ് മെമ്പർമാർ നൽകുന്ന സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിലാണ് തുക നൽകിയിട്ടുള്ളത്. 1,2,3,7,8,9, എന്നീ വാർഡുകളിൽ മാത്രമാണ് അറ്റകുറ്റപ്പണികൾ നടത്തിയിട്ടുള്ളത്. മറ്റു വാർഡുകളിൽ അറ്റകുറ്റപ്പണിയോ, മാറ്റിയിടലോ നടത്തിയിട്ടില്ലായെന്ന് ജനപ്രതിനിധികളുടെ സാക്ഷ്യപത്രത്തിന്റെ അഭാവം വെളിവാക്കുന്നു. തെരുവു വിളക്കുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങുന്നത് സംബന്ധിച്ച സ.ഉ.(സാധാ)നമ്പർ 2134/2015/തസ്വഭവ തീയതി 15.05.2015

പ്രകാരമുള്ള നിർദ്ദേശങ്ങൾ പാലിക്കാതെയാണ് തെരുവ് വിളക്ക് പരിപാലനം നടത്തിയിട്ടുള്ളത്. പഞ്ചായത്ത് ഡയറക്ടറുടെ 17.08.2015 ലെ ജി2/44274/15-ാം നമ്പർ ഉത്തരവ് പ്രകാരം തെരുവ് വിളക്കുകൾക്കാവശ്യമായ ഉപകരണങ്ങൾ വാങ്ങുമ്പോൾ സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കേണ്ടതും കേടായ സാധനങ്ങൾ അതാത് ദിവസം തിരികെ കൊണ്ടുവന്ന് രജിസ്റ്റർ ഓഫ് അൺ സർവ്വീസബിൾ ഐറ്റംസ് എന്ന രജിസ്റ്ററിൽ ചേർക്കേണ്ടതും സാമ്പത്തിക വർഷാവസാനം ഇപ്രകാരമുള്ള സ്റ്റോക്ക് ഇൻ രജിസ്റ്ററും സ്റ്റോക്ക് ഔട്ട് രജിസ്റ്ററും പൊരുത്തപ്പെടുത്തേണ്ടതുമാണ്. അപാകതകൾ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-21 തുക നിക്ഷേപിച്ച് വർഷങ്ങൾ കഴിഞ്ഞിട്ടും മീറ്ററുകൾ സ്ഥാപിച്ചില്ല

ഗ്രാമപ്പഞ്ചായത്ത് 2016-17, 2017-18 വർഷങ്ങളിലായി മീറ്റർ സ്ഥാപിക്കുന്നതിന് വിവിധ ഇലക്ട്രിക്കൽ സെക്ഷനുകളിലായി ചുവടെ ചേർക്കും പ്രകാരം തുക നിക്ഷേപിച്ചിട്ടുണ്ട്. എന്നാൽ നാളിതു വരെ മീറ്റർ സ്ഥാപിച്ചിട്ടില്ല.കെ.എസ്സ്.ഇ.ബിയുമായി കരാർ വയ്ക്കാതെയാണ് തുക നൽകിയിട്ടുള്ളത്. കരാർ വയ്ക്കാത്തതിനാൽ പ്രവൃത്തി പൂർത്തിയാക്കുന്നതിന് കാലതാമസം നേരിട്ടാൽ കാലാനുസൃതമായുണ്ടാകുന്ന നിരക്ക് വർദ്ധന മൂലമുള്ള അധിക നിരക്ക് പഞ്ചായത്ത് നൽകേണ്ടിവരും .

മീറ്റർ സ്ഥാപിക്കുന്നതിന് നാളിതുവരെ നൽകിയിട്ടുള്ള തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമനമ്പർ | ഇലക്ട്രിക്കൽ സെക്ഷന്റെ പേര് | ബിൽ നമ്പർ/ തീയതി | നിക്ഷേപിച്ച തുക |
|---|---|---|---|
| 1. | വെണ്ണിക്കുളം | 4672281/27.03.2017 | 169600 |
| 2. | അയിരൂർ | | 116600 |
| 3. | വായ്പൂർ | | 137800 |
| 4. | വായ്പൂർ | 430165/31.08.2017 | 84800 |
| 5. | കുമ്പനാട് | | 42400 |
| | ആകെ | | 551200 |

പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്. പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനുള്ള കാലതാമസം മൂലം അധിക നിരക്ക് നൽകേണ്ടി വരുന്നത് സെക്രട്ടറിയുടെ ബാദ്ധ്യതയായി നിജപ്പെടുത്തുന്നതും ഓഡിറ്റ് നിയമ/ചട്ട പ്രകാരമുള്ള തുടർ നടപടികൾ സ്വീകരിക്കുന്നതുമാണ്.

## 1-22 കണക്ടിറ്റിവിറ്റി പ്ലാൻ തയ്യാറാക്കിയില്ല-റോഡുകളുടെ മുഴുവൻ നീളത്തിനും പ്രോജക്ട് തയ്യാറാക്കുന്നില്ല

പുനരുദ്ധാരണം ആവശ്യമുള്ള മുഴുവൻ റോഡുകളുടെ നീളത്തിനും എസ്റ്റിമേറ്റ് തയ്യാറാക്കാതെ റോഡുകളെ ചെറിയഭാഗങ്ങളാക്കി വിഭജിച്ച് ഒന്നിലധികം പ്രോജക്ട് തയ്യാറാക്കുന്ന പ്രവണത സംബന്ധിച്ച് മുൻ ഓഡിറ്റ് റിപ്പോർട്ടിൽ ചൂണ്ടികാണിച്ചിരുന്നു. വാർഡടിസ്ഥാനത്തിൽ ഫണ്ട് വീതം വച്ച് ചെറിയ അടങ്കൽ തുകയുള്ള അസംഖ്യം പ്രോജക്ടുകൾ തയ്യാറാക്കുന്നതിനാൽ ഒരു റോഡ് പോലും പൂർണ്ണമായി ഗതാഗത യോഗ്യമാക്കുന്നതിന് കഴിയുകയില്ല. ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് റോഡ് കണക്ടിവിറ്റി പ്ലാനും മാപ്പും തയ്യാറാക്കി ആയതിന്റെ അടിസ്ഥാനത്തിൽ മുൻഗണനാ ക്രമം തയ്യാറാക്കി റോഡുകൾ പൂർണ്ണമായി ഗതാഗത യോഗ്യമാക്കുന്ന രീതിയിൽ റോഡ് പ്രവൃത്തികളുടെ എസ്റ്റിമേറ്റ് ആവിഷ്കരിക്കണമെന്ന പദ്ധതിനിർവ്വഹണരേഖയിലെ നിർദ്ദേശം പ്രാവർത്തികമാക്കുന്നതിനും ഓഡിറ്റ് നിർദ്ദേശങ്ങൾ പാലിക്കുന്നതിനും ഭരണസമിതി ശ്രദ്ധ ക്ഷണിക്കുന്നു.

## 1-23 മരാമത്ത് പ്രവൃത്തികൾ- ഫയൽ സൂക്ഷിപ്പിൽ അപാകത

ഓഡിറ്റ് വർഷം നിർവ്വഹണം നടത്തുന്നതിനായി അംഗീകാരം ലഭിച്ച നടപ്പാക്കിയ 31 സ്പിൽ ഓവർ പദ്ധതികളിൽ ഫയലുകളുടെ പരിപാലനം, രേഖകളുടെ സൂക്ഷിപ്പ് എന്നിവയിൽ അപാകത കാണുകയുണ്ടായി.

1. പ്രോജക്ട് ഫയലുകൾ മിക്കതിലും എസ്റ്റിമേറ്റ് റിപ്പോർട്ട്, സൈറ്റ് പ്ലാൻ, സാങ്കേതിക അനുമതി ലഭിച്ചതിന്റെ വിവരം, ബിൽകോപ്പി, എം.ബുക്ക് പ്രകാരമുള്ള പ്രവൃത്തികളുടെ വിശദാംശങ്ങൾ, മെമ്മോറാണ്ടം ഓഫ് പേയ്മെന്റ് എന്നിവ ഉൾപ്പെടുത്തുന്നില്ല.
2. സെറ്റ് കൈമാറുന്നതായുള്ള കൈപ്പറ്റിൽ തീയതി രേഖപ്പെടുത്തുന്നില്ല. ചില കത്തുകളിൽ കരാറുകാരനോ അസിസ്റ്റന്റ് എൻജിനീയറോ ഒപ്പിട്ടിട്ടില്ല.
3. എം.ബുക്കിൽ കരാറുകാരൻ അളവുകൾ സമ്മതിച്ചതായി സാക്ഷ്യപ്പെടുത്തുന്നില്ല.
4. ടെണ്ടർ രജിസ്ററർ, ഇ.എം.ഡി രജിസ്റ്റർ, എഗ്രിമെന്റ് രജിസ്റ്റർ ഇവ അപൂർണ്ണമാണ്.
5. ലഭിച്ച ടെൻഡറുകളിലെ നിരക്ക് അസിസ്റ്റന്റ് എൻജിനീയർ സാക്ഷ്യപ്പെടുത്തുന്നില്ല.
6. കരാറിൽ എല്ലാവിവരങ്ങളും എഴുതിചേർത്ത് അസിസ്റ്റന്റ് എൻജിനീയർ സാക്ഷ്യപ്പെടുത്തൽ നടത്തുന്നില്ല.

അപാകതകൾ പരിഹരിക്കുന്നതിനും ഫയലുകൾ കൃത്യമാക്കുന്നതിനും നിർവ്വഹണ ഉദ്യോഗസ്ഥൻ ശ്രദ്ധിക്കേണ്ടതാണ്.

# 1-24 റോഡിതര ആസ്തികളുടെ സംരക്ഷണത്തിനായി ആസ്തി സംരക്ഷണ പദ്ധതികൾ നടപ്പിലാക്കിയിട്ടില്ല

മെയിന്റനൻസ് ഫണ്ടും വകയിരുത്താൻ കഴിയുന്ന തനത് ഫണ്ടും പ്രയോജനപ്പെടുത്തി തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ മേൽനോട്ടത്തിലും ഉടമസ്ഥതയിലും നിയന്ത്രണത്തിലുമുള്ള റോഡ്, റോഡിതര ആസ്തികളുടെ സംരക്ഷണത്തിനായി പ്രത്യേക ആസ്തി സംരക്ഷണ പ്രവൃത്തികൾ നടപ്പിലാക്കുന്നതിന് മാർഗ്ഗരേഖയിൽ നിർദ്ദേശിച്ചിട്ടുണ്ട്. സ്ഥാപനത്തിന്റെ സേവനം മെച്ചപ്പെടുത്തുന്നതിനും നിലവിലുള്ള ആസ്തി വിപുലപ്പെടുത്തുന്നതിനും സ്ഥാപനങ്ങളെ ഉന്നത നിലവാരത്തിലേക്ക് എത്തിക്കുന്നതിനുമുള്ള പദ്ധതികളാണ് ആസ്തി സംരക്ഷണ പദ്ധതിയിൽ ഉണ്ടായിരിക്കേണ്ടത്. തെള്ളിയൂർ പി.എച്ച്.സി യ്ക്ക് ഭൗതികസാഹചര്യം ഒരുക്കൽ, ആയുർവേദ ഡിസ്പെൻസറിയിൽ വെയ്റ്റിംഗ് റൂം, അംബേദ്കർ സാസ്കാരികനിലയം നവീകരണം, വിവിധ സ്കൂളുകൾക്ക് ടോയ്ലറ്റ് നിർമ്മാണം, വിവിധ അങ്കണവാടികളുടെ നവീകരണം എന്നീ പദ്ധതികൾ ആവിഷ്കരിച്ചിരുന്നെങ്കിലും നടപ്പാക്കിയില്ല. സാധനങ്ങളുടെ ഗുണമേന്മ വർദ്ധിപ്പിച്ചും സേവന നിലവാരം ഉയർത്തിയും ടോട്ടൽ ക്വാളിറ്റി മാനേജ്മെന്റിലൂടെ ഐ.എസ്സ്.ഒ സർട്ടിഫിക്കേഷൻ ലഭിക്കുന്നതിനുള്ള പദ്ധതികൾക്കായി 2019-20 ലാണ് പദ്ധതി തയ്യാറാക്കിയിരിക്കുന്നത്. ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കുന്നതിനു മുന്നോടിയായി ഘടകസ്ഥാപന മേധാവികളുടെ യോഗവും വിളിച്ചു ചേർത്തുകൊണ്ട് റോഡിതര ആസ്തികൾക്കായി പ്രത്യേക ആസ്തി സംരക്ഷണ പ്ളാൻ തയ്യാറാക്കേണ്ടതാണ്

# 1-25 ലൈഫ് ഭവനപദ്ധതിയ്ക്ക് മതിയായ തുക വകയിരുത്തിയില്ല

ലൈഫ് ഭവനപദ്ധതി- 27/19- എന്ന പ്രോജക്ടിൽ ആകെ 19 ഗുണഭോക്താക്കളാണ് ഉള്ളത്. ഇവർക്ക് 4ലക്ഷം രൂപ വീതം ധനസഹായം നൽകുന്നതിനായി ആകെ 76 ലക്ഷം രൂപ വകയിരുത്തേണ്ടിയിരുന്നു. എന്നാൽ 2018-19 വർഷം 52 ലക്ഷം രൂപ മാത്രമേ വകയിരുത്തിയിരുന്നുള്ളൂ.

നിർവ്വഹണ ഉദ്യോഗസ്ഥൻ : വി.ഇ.ഒ

| ഇനം | വകയിരുത്തിയ തുക | ചെലവഴിച്ച തുക |
|---|---|---|
| വികസന ഫണ്ട് -ജനറൽ | 2785400 | 2785400 |

| | | |
|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 788743 | 788743 |
| ജില്ലാ പഞ്ചായത്ത് വിഹിതം | 367858 | 367858 |
| ലോൺ (ഹഡ്കോ) | 1257999 | 1045557 |
| ആകെ | 5200000 | 4987558 |

2019-20 വർഷം സ്പിൽ ഓവർ പ്രോജക്ടായി (ലൈഫ് ഭവനപദ്ധതി 119/20) പദ്ധതി നടപ്പിലാക്കി വരുന്നു. എന്നാൽ ഈ വർഷവും തുക കുറവായാണ് വകയിരുത്തിയിട്ടുള്ളത്. ഗുണഭോക്താക്കൾക്ക് പൂർണ്ണമായും ധനസഹായം അനുവദിക്കുന്നതിനായി 2612442 രൂപ ആവശ്യമുണ്ടായിരിക്കെ ഈ വർഷം 2360000 രൂപ (ഹഡ്കോ വായ്പ) മാത്രമേ വകയിരുത്തിയിട്ടുള്ളൂ. ആയതിൽ ഓഡിറ്റ് തീയതി വരെ 2132442 രൂപ ചെലവഴിച്ചിട്ടുമുണ്ട്. ഇതിനാൽ ഭവനനിർമ്മാണം പൂർത്തീകരിക്കുന്ന ഗുണഭോക്താക്കൾക്ക് സമയബന്ധിതമായി ധനസഹായം നൽകാൻ കഴിയില്ല. കുറവു വന്ന തുക 2019-20 വർഷത്തെ ലൈഫ് പദ്ധതിയിൽ വകയിരുത്തിയിട്ടുള്ള പ്ലാൻഫണ്ടിൽ നിന്നും കണ്ടെത്തി നിലവിലുള്ള സ്പിൽ ഓവർ പ്രോജക്ടിൽ അധിക തുക ഉൾപ്പെടുത്തിയോ പുതിയ പ്രോജക്ടായോ ഗുണഭോക്താക്കൾക്ക് ധനസഹായം നൽകുന്നതിന് 09.12.2019-ൽ ചേർന്ന പഞ്ചായത്ത് കമ്മിറ്റി തീരുമാനമെടുത്തതായി (നം- 09(1))നിർവ്വഹണ ഉദ്യോഗസ്ഥ അറിയിച്ചിട്ടുണ്ട്. കമ്മറ്റിത്തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഗുണഭോക്താക്കൾക്ക് ധനസഹായം നൽകുന്നതിനായി സ്പിൽ ഓവർ പ്രോജക്ടിൽ ആവശ്യമായ വിഹിതം ഉൾപ്പെടുത്തി വിശദാംശങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-26 ലൈഫ് ഭവനപദ്ധതി- ഗുണഭോക്താക്കൾ ഭവനനിർമ്മാണം പൂർത്തിയാക്കിയില്ല

ലൈഫ് പദ്ധതി മാർഗരേഖ പ്രകാരം എഗ്രിമെന്റ് വച്ച് 6 മാസത്തിനകം ഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തീകരിക്കേണ്ടതായിരുന്നു. എന്നാൽ ഗ്രാമപ്പഞ്ചായത്തിൽ 2018-19 സാമ്പത്തികവർഷം ലൈഫ് പദ്ധതിയിൽ കരാർ വച്ച് ആദ്യ ഗഡുക്കൾ കൈപ്പറ്റിയ ഗുണഭോക്താക്കൾ ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടില്ല.

നിർവ്വഹണ ഉദ്യോഗസ്ഥൻ : വി.ഇ.ഒ

1. ലൈഫ് ഭവനപദ്ധതി- 27/19

| ക്രമ നം | പേര്, മേൽവിലാസം | എഗ്രിമെന്റ് തീയതി | കൈപ്പറ്റിയ തുക |
|---|---|---|---|
| 1 | ലതാകുമാരി, മുള്ളനാട്ടുശ്ശേരി, തെള്ളിയൂർ | 26.07.2018 | 300000 |
| 2 | മുത്തുവേൽ കെ, മണിമംഗലത്ത്, വാളക്കുഴി പി.ഒ. | 28.03.19 | 300000 |
| 3 | ബേബി യോഹന്നാൻ, പുത്തൻപുരയിൽ, ചാലാപ്പള്ളി പി.ഒ | 15.02.19 | 300000 |
| 4 | അർച്ചന വിജയൻ, തയ്യിൽ, ചാലാപ്പള്ളി പി.ഒ. | 15.02.19 | 360000 |
| 5 | സുരേഷ് പി.എം, പള്ളിത്താഴെ, ചാലാപ്പള്ളി | 15.02.19 | 300000 |
| 6 | പ്രസാദ് സി, ഉരുമ്പുകുഴിയിൽ, വെള്ളയിൽ പി.ഒ. | 15.02.19 | 300000 |
| 7 | രമേശ് കുറുപ്പ്, മഞ്ചാടിയിൽ പുത്തൻവീട്, എഴുമറ്റൂർ | 15.02.19 | 360000 |

2. ലൈഫ് ഭവനപദ്ധതി - എസ്.സി.

| ക്രമ നം | പേര്, മേൽവിലാസം | എഗ്രിമെന്റ് തീയതി | കൈപ്പറ്റിയ തുക |
|---|---|---|---|
| 1 | അമ്മിണി, കുററിയിൽ, പട്ടശ്ശേരിൽ, നെടുമല | 26.07.2018 | 300000 |

മേൽ പറഞ്ഞ ഗുണഭോക്താക്കൾ ഭവനനിർമ്മാണം പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ഭവന നിർമ്മാണം പൂർത്തീകരിക്കാത്ത സാഹചര്യമാണെങ്കിൽ നൽകിയ തുക തിരികെ ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 1-27 റോഡ് വികസനം-വാർഡ് അടിസ്ഥാനത്തിൽ സമഗ്രവികസനമെന്ന ലക്ഷ്യം കൈവരിയ്ക്കാനായില്ല

പൊതുമരാമത്ത് മേഖലയിൽ ഓഡിറ്റ് വർഷം 99 പ്രോജക്ടുകൾ ആവിഷ്കരിച്ചതിൽ 59 എണ്ണവും റോഡ് കോൺക്രീറ്റിംഗ്/റീ ടാറിംഗ് പ്രവൃത്തികളായിരുന്നു. പഞ്ചായത്തിനെ ഒരു യൂണിറ്റായി കണ്ട് പദ്ധതികൾ ആവിഷ്കരിക്കുന്നതിനു പകരം വാർഡ് വികസനമെന്ന സങ്കുചിത കാഴ്ചപ്പാടോടെ പദ്ധതികൾ ആവിഷ്കരിക്കുയും ലഭ്യമായ ഫണ്ട് വാർഡടിസ്ഥാനത്തിൽ വീതം വച്ച് ചെറുതും, ചെയിനേജ്/ ഫലപ്രാപ്തി കുറഞ്ഞതുമായ അസംഖ്യം പ്രോജക്ടുകൾ ഏറ്റെടുക്കുകയും ചെയ്യുന്നതുകൊണ്ട് റോഡ് വികസനം ഫലപ്രാപ്തിയിലെത്താതെ പോകുന്നു. ഗുണമേന്മയുള്ളതും ഈടുറ്റതുമായ റോഡുകൾ പ്രോത്സാഹിപ്പിക്കുന്നതിന് വാർഷികപദ്ധതിയിൽ ഒരു റോഡെങ്കിലും അഞ്ച് വർഷം ഗ്യാരന്റിയോടുകൂടി നടപ്പാക്കണമെന്ന നിർദ്ദേശവും അതിനാൽ പ്രാവർത്തികമാകുന്നില്ല.

റോഡ് റീ ടാറിംഗ്/കോൺക്രീറ്റിംഗ് പ്രവൃത്തികളിൽ അടങ്കൽ 2 ലക്ഷത്തിനു താഴെയുള്ള 30 പ്രവൃത്തികളാണ് ഉണ്ടായിരുന്നത് .

റോഡ് കണക്ടിവിറ്റി പ്ലാനും റോഡ് മാപ്പും തയ്യാറാക്കിയിട്ടില്ല. കുറഞ്ഞ അടങ്കൽ തുകയുള്ള പ്രോജക്ടുകൾ തയ്യാറാക്കിയതു മൂലം ടെണ്ടറുകൾ ഇ-ടെണ്ടറിന്റെ പരിധിയിൽ നിന്നും ഒഴിവാകുകയും ചെയ്തു. (അഞ്ച് ലക്ഷത്തിനുമുകളിൽ അടങ്കലുള്ള പ്രവൃത്തികളുടെ എണ്ണം നാലും നിർവഹണം നടന്നത് രണ്ട് എണ്ണവും).

പദ്ധതി തയ്യാറാക്കുമ്പോൾ പദ്ധതിപ്പണത്തിന്റെ മൂല്യം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പരമാവധി സൂക്ഷ്മ ബോധത്തോടെ ഉൾക്കൊള്ളേണ്ടതുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനത്തിനെ ഒറ്റ യൂണിറ്റായി കണ്ട് സമഗ്ര പദ്ധതികളാണ് ആവിഷ്കരിക്കേണ്ടതെന്ന് പദ്ധതി നിർവ്വഹണ മാർഗ്ഗരേഖയിൽ നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഈ നിർദ്ദേശങ്ങൾക്കു വിരുദ്ധമായാണ് വാർഡടിസ്ഥാനത്തിൽ ഫണ്ട് വീതം വച്ച് കുറഞ്ഞ അടങ്കൽ തുകയുള്ള അസംഖ്യം പ്രോജക്ടുകൾ നടപ്പിലാക്കുന്നത്. മുൻ ഓഡിറ്റ് റിപ്പോർട്ടിൽ ഇത് ചൂണ്ടികാണിച്ചിരുന്നുവെങ്കിലും ടി നിർദ്ദേശത്തിന് യാതൊരു വിലയും കല്പിച്ചിട്ടില്ലയെന്ന് പ്രോജക്ടുകൾ പരിശോധിച്ചതിൽ വ്യക്തമായി. ആയതിനാൽ വാർഡ് അടിസ്ഥാനത്തിലുള്ള ഫണ്ട് വിഭജനം അവസാനിപ്പിക്കുന്നതിനും അതുവഴി പ്രോജക്ടുകളുടെ എണ്ണം പരമാവധി കുറയ്ക്കുന്നതിനുമുള്ള നടപടികൾ പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പും ഭരണസമിതിയും വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും കൈക്കൊള്ളേണ്ടതാണ്.

# 1-28 പഞ്ചായത്ത് പരിധിയിലുള്ള വിദ്യാലയങ്ങൾ ഫിറ്റ്നസ് സർട്ടിഫിക്കറ്റില്ലാതെ പ്രവർത്തിക്കുന്നു

തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലെ എഞ്ചിനീയർമാർ നൽകുന്ന ഫിറ്റ്നസ് സർട്ടിഫിക്കറ്റില്ലാതെ യാതൊരു പ്രീപ്രൈമറി സ്ഥാപനങ്ങളും പ്രവർത്തിക്കാൻ പാടില്ലാത്തതും, അപ്രകാരം പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ നടപടി സ്വീകരിക്കേണ്ടതാണെന്നും അക്കാര്യം കാണിച്ച്

സർക്കുലറുകൾ പുറപ്പെടുവിക്കേണ്ടതാണെന്നും സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ 28.07.2016-ലെ സി.ആർ.എം.പി.3048/01/LA1/2016/KeSCPCR നമ്പർ ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. ഈ സാഹചര്യത്തിൽ പ്രീപ്രൈമറി ഉൾപ്പെടെയുള്ള എല്ലാ സർക്കാർ/എയ്ഡഡ്/അൺഎയ്ഡഡ് സ്കൂളുകളും അധ്യയന വർഷം ആരംഭിക്കുന്നതിനു മുൻപായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ എഞ്ചിനീയർ നൽകുന്ന ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നിർബന്ധമായി വാങ്ങേണ്ടതും കൈവരിക്കേണ്ടതും ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ഇല്ലാതെ സ്കൂളുകൾ പ്രവർത്തിക്കുന്നില്ലായെന്ന് അതാതു തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ ഓഫീസ് മേധാവി നടപടി സ്വീകരിച്ച് ഉറപ്പാക്കേണ്ടതുമാണെന്ന് തദ്ദേശ സ്വയംഭരണ (ഇ.ഡബ്ല്യൂ.) വകുപ്പിന്റെ 30.12.2016-ലെ ഉത്തരവ് നം. 792455/ഇ.ഡബ്ല്യൂ.3/2016 പ്രകാരം വ്യക്തമാക്കിയിട്ടുണ്ട്.

ഗ്രാമപഞ്ചായത്തിന്റെ പരിധിയിലുള്ള സ്കൂൾ കെട്ടിടങ്ങളുടെ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിശദാംശങ്ങൾ ആരാഞ്ഞുകൊണ്ടു നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം. 7/21.12.2019) മറുപടി ലഭ്യമാക്കിയിട്ടില്ല. പൊതുവിദ്യാഭ്യാസ വകുപ്പിന്റെ ഉത്തരവ് നം. go(rt)2427/2007/ge തീയതി 01.08.2007 അനുസരിച്ച് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പരിധിയിൽ വരുന്ന അൺ എയ്ഡെഡ് സ്കൂളുകളുടെ ഫിറ്റ്നെസ് സർട്ടിഫിക്കറ്റ് നൽകുന്നചുമതല LSGD എഞ്ചിനീയർക്ക് ആണ്. പ്രസ്തുത സർട്ടിഫിക്കറ്റ് നൽകുന്നതിന് അപ്പർ പ്രൈമറി സ്കൂൾ വരെ 500 രൂപയും ഹൈസ്കൂൾ മുതൽ 1000 രൂപയുമാണ് ഫീസ് ഈടാക്കേണ്ടത്. ഈ ഇനത്തിൽ യാതൊരു വരവും വാർഷിക ധനകാര്യ പത്രികയിലും രേഖപ്പെടുത്തിയിട്ടില്ല. ഇതിൽ നിന്നും പഞ്ചായത്തു പരിധിയിലുള്ള 15 സ്കൂളുകളിലൊന്നും തന്നെ 2018-19 അധ്യയന വർഷത്തിൽ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ഇല്ലാതെയാണ് പ്രവർത്തിക്കുന്നതെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. കുട്ടികളുടെ ജീവന് സുരക്ഷ ഉറപ്പാക്കാതെ സ്കൂളുകൾ പ്രവർത്തിക്കുന്നുവെന്നുള്ളത് സ്കൂൾ അധികൃതരുടെയും തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെയും ഭാഗത്ത് നിന്നുള്ള ഗുരുതരമായ കൃത്യവിലോപമാണ്. അൺഎയ്ഡഡ് സ്കൂളുകൾക്ക് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകി ഫീസ് ഈടാക്കാത്തതുമൂലം പഞ്ചായത്ത് ഫണ്ടിന് വരവിനത്തിലും നഷ്ടമുണ്ടായിട്ടുണ്ട്.

ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ഇല്ലാതെ സ്കൂളുകൾ പ്രവർത്തിക്കുന്നില്ലായെന്ന് സെക്രട്ടറി ഉറപ്പു വരുത്തേണ്ടതാണ്. പരിഹാര നടപടിക്കായി ഈ വിഷയം ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

**[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]**

## 3-1 ഫൈനൽ തുകയിൽ നിന്നും ടെണ്ടർ കുറവു വരുത്തിയില്ല. 71930/- രൂപയുടെ അധിക ചെലവ്

2018-19 വർഷം നിർവ്വഹണം നടത്തിയ താഴെപ്പറയുന്ന മരാമത്ത് പ്രവൃത്തികളുടെ ഫയൽ പരിശോധിച്ചതിൽ ടെണ്ടർ കുറവ് വരുത്താതെ കരാറുകാർക്ക് പ്രതിഫലം നൽകിയതായി കാണുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

| | പ്രോജക്ട് നമ്പർ/പേര് | കരാറുകാരന്റെ പേര്/ടെണ്ടർ കുറവ്/ പ്രവൃത്തി മൂല്യം, | പ്രവൃത്തിമൂല്യത്തിന്റെ അടിസ്ഥാനത്തിൽ അനുവദിച്ച തുക | പ്രവൃത്തി മൂല്യത്തിന്റെ അടിസ്ഥാനത്തിൽ നൽകേണ്ട തുക | അധികം നൽകിയത് | ചെലവ് വിവരം (ബിൽ നമ്പർ/തീയതി) |
|---|---|---|---|---|---|---|
| 1. | 158/19 പി.എച്ച്.സി യ്ക്ക് ചുറ്റതിൽ&ഇന്റർ- | കരാറുകാരൻ-കെ.എം.മാത്യു 2% കുറവ് പ്രവൃത്തി | 298290 – 5966 (നികുതികൾ) = 292324 | 296997- 5940 (2% ടെണ്ടർ കുറവ്) = 291057 – 5822 | 7089 | 298290-ബിൽ നം 13800415438/26.06.2018 |

| | | | | | | |
|---|---|---|---|---|---|---|
| | ലോക്ക് 300000- സംരക്ഷണ ഗ്രാന്റ് (നോൺ-റോഡ്) | മൂല്യം 296996 | (എം.ബുക്ക് 39/18) | (നികുതികൾ) =285235 | | |
| 2. | (121/19) പ്ലാവറ-ഞാറക്കാട് റോഡ് കോൺക്രീറ്റിംഗ് 150000- ധനകാര്യ കമ്മീഷൻ ഗ്രാന്റ് | അനീഷ് സക്കറിയ 15.56% 149232 | 149232.25-2984(നികുതികൾ) = 146248 എം.ബുക്ക് 27/17-18 | 149232.25 -23220 (ടെ.കുറവ്) = 126012-2320(നികുതികൾ) = 123492 | 22756 | 149232 (ബിൽ നം-13800127826/15.05.2018 |
| 3. | 154/19 കൊട്ടിയമ്പലം-തൈപറമ്പ് റോഡ് കോൺക്രീറ്റിംഗ് 263000- ധനകാര്യ കമ്മീഷൻ ഗ്രാന്റ് | സക്കറിയാസ് തോമസ്. 20.63% 208168 | 208168 – 4164 (നികുതികൾ) = 204004 എം.ബുക്ക് 1/18 | 208168- 42945 (ടെണ്ടർ കുറവ്) = 165223 -3304(നികുതികൾ) = 161919 | 42085 | 208168 ബിൽ നം-13800243635/21.06.2018 |
| | ആകെ | | | 71930 | | |

ടി തുക കരാറുകാരിൽ നിന്നും ഈടാക്കി അതാത് ഹെഡ്ഡിൽ തിരിച്ചടയ്ക്കേണ്ടതാണ്.

## ഭാഗം -4

## പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2018-19 | 13.06.2019-15.06.2019 | കെ.എസ്.എ.പി.റ്റി.പി.1/ 602(17)/ 2019/09.07.2019 |

## 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2018-19 | 300000 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി | 300000 | 0 |
| ജില്ലാ പഞ്ചായത്ത് | 2018-19 | 200000 | അങ്കണവാടിപൂരക പോഷകാഹാരം | 58007 | 141993 |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 200000 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന | 200000 | 0 |

| | | | | | |
|---|---|---|---|---|---|
| | | | കുട്ടികൾക്ക് സ്കോളർഷിപ്പും ആനുകൂല്യങ്ങളും | | |
| ജില്ലാ പഞ്ചായത്ത് | 2018-19 | 100000 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പും ആനുകൂല്യങ്ങളും | 200000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 100000 | പാലിയേറ്റീവ് പരിചരണം | 77450 | 22550 |
| ജില്ലാ പഞ്ചായത്ത് | 2018-19 | 200000 | പാലിയേറ്റീവ് പരിചരണം | 158943 | 41057 |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 788743 | ലൈഫ് ഭവനപദ്ധതി | 788743 | 0 |
| ജില്ലാ പഞ്ചായത്ത് | 2018-19 | 367858 | ലൈഫ് ഭവനപദ്ധതി | 367858 | 0 |
| ജില്ലാ പഞ്ചായത്ത് | 2018-19 | 1239000 | സുഫലം | 1239000 | 0 |

# 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി. | വാർഡ് 1-ലെ വിവിധ റോഡുകളിൽ സ്ട്രീറ്റ് ലൈൻ സ്ഥാപിക്കൽ | 18050852013600692298/ 23.10.2018 | 2310000 | 2310000 | |
| കെ.എസ്.ഇ.ബി. | മടുക്കപ്പുഴ-ഇണ്ടനാട് ചുഴന കോളനി സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ | 18050852013600776755/ 12.11.2018 | 50000 | 50000 | |
| കെ.എസ്.ഇ.ബി. | വാർഡ് 11-ലെ വിവിധ റോഡുകളിൽ സ്ട്രീറ്റ് ലൈൻ സ്ഥാപിക്കൽ | 21801023/ 26.03.2019 | 100000 | 100000 | |
| കെ.എസ്.ഇ.ബി. | അഞ്ചാനിൽ-നാരകത്താനി റോഡിൽ സ്ട്രീറ്റ് ലൈൻ സ്ഥാപിക്കൽ | 18050852013600692304/ 23.10.2018 | 708000 | 708000 | |

| | | | | | |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി. | പ്രിയദർശിനി വേങ്ങഴത്തടം റോഡിൽ പോസ്റ്റ് സ്ഥാപിക്കൽ, സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ | 2579766/ 14.02.2019 | 50882 | 50882 | |
| കെ.ഡബ്ല്യ.എ. | വേലൻപടി-വിലങ്ങുപാറ പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 18050852013600830666/ 22.11.2018 | 250000 | 250000 | |
| കെ.എസ്.ഇ.ബി. | വാർഡ് 8-ലെ വിവിധ റോഡുകളിൽ സ്ട്രീറ്റ് ലൈൻ സ്ഥാപിക്കൽ | 2146971/ 19.03.2019 | 49960 | 49960 | |

( പ്രവൃത്തി പൂർത്തീകരിച്ചതിന്റെ വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല)

# 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

# 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ 1045557 രൂപ വരവുണ്ട്. ലൈഫ് പദ്ധതിക്കായി ടി തുക വിനിയോഗിച്ചിട്ടുണ്ട്.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് പദ്ധതി | | 1045557 | ഇല്ല | ഇല്ല | ഇല്ല | 1045557 |

# 4-6 സ്ഥിര നിക്ഷേപം

ഇല്ല

# 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം വരവില്ല.

# 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ

പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2014-15 | 2-1, 2-2 | 2016-17 | അനുബന്ധം-3 | വസ്തു നികുതി | നിയമസഭാ സമിതിയുടെ പരിഗണനയിൽ |
| 2015-16 | 2-1, 2-2 | 2016-17 | അനുബന്ധം-5 | വസ്തു നികുതി | നിയമസഭാ സമിതിയുടെ പരിഗണനയിൽ |

# 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

**(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക**

ഇല്ല

**(ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക**

ഇല്ല

# 4-10 ഓഡിറ്റ് പ്രത്യവലോകനം

**(എ) സംക്ഷിപ്ത വിവരം**

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 59431886 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 52661903 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 71930 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | ഇല്ല |

(ചെലവിനങ്ങളിലുള്ള നഷ്ടം,വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബിയിലേയും സിയിലേയും തുകയാണ്.)

**(ബി).** ഗ്രാമ**പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |

| | | | |
|---|---|---|---|
| ഖ. 3-19 | | 71930 | ജോൺസി ജോർജ്ജ്, അസി. എൻജിനീയർ |

<u>ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക</u>

ഇല്ല

**(സി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>**

| ഖണ്ഡിക നമ്പർ | തുക |
|---|---|
| ഖ. 1-18 | 2342 |

**(ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>**

ഇല്ല

**(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ജോൺസി ജോർജ്ജ്, അസി. എൻജിനീയർ | അസി. എൻജിനീയർ ഭരണിക്കാവ് ഗ്രാമപഞ്ചായത്ത് | കൊയ്പ്പള്ളിതറയിൽ ഇരമത്തൂർ പി.ഒ മാന്നാർ, ആലപ്പുഴ 689622 |

# 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1996-97 (വരവ്) | എൽ.എഫ്.പി.റ്റി.എ.പി.5-669/11 തീയതി 12.12.2011 | 1 |
| 2000-01 (വരവ്) | എൽ.എഫ്.പി.റ്റി.എ.പി.5-673/11 തീയതി 12.12.2011 | 1 |
| 2001-02 (ജനകീയാസൂത്രണം) | എൽ.എഫ്.പി.റ്റി.എ.പി.8-178/04 തീയതി 02.11.2004/14.01.2005 | 9 |
| 2002-03 (ചെലവ്) | എൽ.എഫ്.പി.റ്റി.എ.പി.8-462/07 തീയതി 12.12.2011/21.07.2012 | 19 |
| 2003-04 | എൽ.എഫ്.പി.റ്റി.എ.പി.3-389/05 തീയതി 05.05.2006 | 14 |
| 2004-05 | എൽ.എഫ്.പി.റ്റി.എ.പി.5-676/11 | 14 |

| | | |
|---|---|---|
| | തീയതി 19.12.11/27.07.12 | |
| 2005-06 | എൽ.എഫ്.പി.റ്റി.എ.പി.5-677/11 തീയതി 12.12.2011/28.07.12 | 28 |
| 2006-07 മുതൽ 2010-11 വരെ | എൽ.എഫ്.പി.റ്റി.എ.പി.8-975/12 തീയതി 23.03.13/03.06.14 | 11 |
| 2011-12 മുതൽ 2012-13 വരെ | എൽ.എഫ്.പി.റ്റി.എ.പി.8-538/14 തീയതി 26.08.14/ 17.03.15 | 3 |
| 2014-15 | കെ.എസ്.എ.പി.റ്റി.എ.പി-8-601/16 തീയതി 01.06.2016 | 3 |
| 2015-16 | കെ.എസ്.എ.പി.റ്റി.എ.പി-8-1359/16 തീയതി 24.12.2016 | 21 |
| 2016-17 | കെ.എസ്.എ.പി.റ്റി.എ.പി-8-1131/17 തീയതി 04.10.2017 | 16 |
| 2017-18 | കെ.എസ്.എ.പി.റ്റി.എ.പി-8-1379/18 തീയതി 24.10.2018 | 33 |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിരനടപടികൾ സ്വീകരിക്കേണ്ടതാണ്.

(ഒപ്പ്)
ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

പത്തനംതിട്ട

# <u>അനുബന്ധം-1</u> <u>ഓഡിറ്റ് സർട്ടിഫിക്കറ്റ്</u>

നം.കെ.എസ്.എ.പി.റ്റി.എ.പി8-പി8/4/2020 തീയതി:03.02.2020

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പും, 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215-ാം വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ കണക്കുകളുടെ സാക്ഷ്യപ്പെടുത്തലിനായി കംട്രോളർ ആന്റ് ഓഡിറ്റർ ജനറൽ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അവലംബിച്ചും, പത്തനംതിട്ട ജില്ലയിലെ **എഴുമറ്റൂർ ഗ്രാമപഞ്ചായത്തിന്റെ** 2018-19 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഈ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന ഖ. 1-11-ലെ പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ എഴുമറ്റൂർ ഗ്രാമപഞ്ചായത്തിന്റെ 2018-19-ലെ വാർഷിക ധനകാര്യ പത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് സാക്ഷ്യപ്പെടുത്തുന്നു.

**(ഒപ്പ്)**
**ഡെപ്യൂട്ടി ഡയറക്ടർ**

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**
**പത്തനംതിട്ട**

# <u>Annexure-1</u> <u>Audit Certificate</u>

No.KSA.PTA.P8-4/2020 Dated:03.02.2020

Certified that I have examined the Annual Financial Statement of **Ezhumattoor Grama Panchayat** in Pathanamthitta District for the year ended on 31.03.2019 in accordance with section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under the guidelines isssued by the Comptroller and Auditor General of India for the purpose of certification of accounts of Panchayat Raj Institutions.

In my opinion, the Financial Statements of **Ezhumattoor Grama Panchayat** for the year 2018-19 except the obeservations in para 1-11, my report properly presents the picture of income and expenditure.

Sd-

Deputy Director

Kerala State Audit Department

Pathanamthitta